72

# "അവസരം ഉള്ളപ്പോൾ"

## (24:24-27)

"നീട്ടിവെക്കൽ" എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രസംഗം പരിചയപ്പെടുത്തി ഒരു സഹ ഉപദേഷ്ടാവ് പറഞ്ഞു, "ഇതു വളരെ പ്രസക്തമായ ഒരു പ്രസംഗമാണ് ... പല മാസങ്ങളായി ഞാൻ ഇതു പ്രസംഗിക്കാൻ ഒരുങ്ങിയതാണ് ... പക്ഷെ ചില കാരണങ്ങൾക്കൊണ്ട്, എനിക്ക് അത് നീട്ടി വെക്കേണ്ടി വന്നു!"

പ്രവൃത്തികൾ നീട്ടിക്കൊണ്ടു പോകുന്ന സ്വഭാവം, പ്രത്യേകിച്ചു നമുക്ക് ഇഷ്ടമില്ലാത്തകാര്യം നമുക്കെല്ലാവർക്കും ഉണ്ട്. വിദ്യാർത്ഥികൾ അവരുടെ പരീക്ഷകൾ എഴുതുന്നത് നീട്ടിവെക്കും; ഭർത്താക്കന്മാർ വീട്ടിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതു നീട്ടിവെക്കും; അമേരിക്കക്കാർ അവരുടെ ഇൻകംടാക്സ് പേപ്പർ അവസാന ദിവസമായ ഏപ്രിൽ 15 ലേക്കു മാറ്റി വെക്കും.[1]

നിസ്സാരമായ പല ജോലികളും നാം നീട്ടിവെക്കും, ചില പ്രവൃത്തികളും തീരുമാനങ്ങളും നീട്ടി വെക്കുന്നതു കാര്യമായിത്തന്നെ ബാധിക്കും. ആരോ എഴുതിയിട്ടുണ്ട്:

> അവൻ നാളെ – ധാർമ്മികമായി എല്ലാം ചെയ്യുവാൻ പോകുകയായിരുന്നു.
> നാളെ – അവനെ പോലെ ദയയും ധൈര്യവും ഉള്ളവൻ വേറെ ഉണ്ടായിരിക്കയില്ല.
> എന്നാൽ വസ്തുത എന്തെന്നാൽ അവൻ മരിച്ചു അവന്റെ
> കാഴ്ച്ചയും മങ്ങി, അവൻ മരിച്ചപ്പോൾ വിട്ടുപോയതു അവൻ –
> നാളെ ചെയ്യാൻ ആഗ്രഹിച്ച ഒരു കൂട്ടം കാര്യങ്ങളാണ്.[2]

ക്രിസ്ത്യാനിയായിത്തീരുന്നതു നീട്ടി വെക്കുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സാത്താൻ ഒരിക്കൽ തന്റെ ഭൂതങ്ങളുമായി ഒരു സമ്മേളനം വിളിച്ചു ചേർത്തതിനെ കുറിച്ചു ഒരു കഥ പറയപ്പെട്ടിട്ടുണ്ട്. ക്രിസ്ത്യാനികളായിത്തീരുന്നവരുടെ സംഖ്യ വർദ്ധിച്ചു വരുന്നതിൽ അവനു ഉൽക്ക

ണ്ഠയുണ്ടെന്നും അതു തടയുവാൻ ആർക്കെങ്കിലും എന്തെങ്കിലും നിർദ്ദേശിക്കാമോ എന്നു ചോദിച്ചു. ഒരു ഭൂതം പറഞ്ഞു, "നാം ജനങ്ങളോട് സ്വർഗ്ഗം എന്നൊന്നില്ല, അതുകൊണ്ട് ക്രിസ്ത്യാനിയായി തീരേണ്ട കാര്യവുമില്ലല്ലോ" എന്നു പറയാം. സാത്താൻ പറഞ്ഞു, "ഇല്ല, അതു ശരിയാവുകയില്ല." "ദൈവത്തിൽ വിശ്വസിക്കുന്നഎല്ലാവർക്കും ഈ ജീവിതത്തിനപ്പുറം – ദൈവവുമായി ഒരു ജീവിതം ഉണ്ടെന്ന് അറിയാം." മറ്റൊരു ഭൂതം പറഞ്ഞു: "നരകം എന്ന ഒന്നില്ല എന്നു ആളുകളോടു പറയാം, അപ്പോൾ ക്രിസ്ത്യാനിയായില്ലെങ്കിലും അവർക്കു വിഷമിക്കേണ്ടതില്ലല്ലൊ." സാത്താൻ നെടുവീർപ്പിട്ടുകൊണ്ട്. "അതും ശരിയാവുകയില്ല. ലോകത്തിലെ അനീതി കാണുന്ന ആർക്കും എല്ലാം ശരിയാക്കുന്ന ഒരു സമയം ഉണ്ടാകുമെന്ന് അറിയാം." അവസാനം, ഒരു ഭൂതം പറഞ്ഞു, "സ്വർഗ്ഗവും നരകവും ഉള്ളതു*കൊണ്ട്* – ആളുകൾ ക്രിസ്ത്യാനികളായിക്കൊള്ളട്ടെ, പക്ഷെ അതു *ധൃതി പിടിച്ചാകരുത്."* സാത്താൻ ചിരിച്ചുകൊണ്ടു പറഞ്ഞു, "കൊള്ളാം! നാം പ്രസംഗിക്കുന്ന മറ്റേതു പ്രസംഗത്തേക്കാളും ഇതു ഏറ്റവും കൂടുതൽ പേരെ നഷ്ടപ്പെടുത്തും!" കഥ കെട്ടിയുണ്ടാക്കിയതാണെങ്കിലും, സന്ദേശം അങ്ങനെയല്ല: "ധൃതി പിടിക്കേണ്ട" എന്ന ആശയം ദശലക്ഷക്കണക്കിനു ആളുകൾ ഒരുക്കമില്ലാതെ ദൈവത്തിന്റെ മുന്നിലേക്കു പോകും.

പ്രവൃത്തികളുടെ പുസ്തകത്തിലെ നീട്ടി വെക്കുന്ന ഒരു പ്രത്യേക സംഭവത്തെയാണ് ഈ പാഠത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നത്: 24–ാം അദ്ധ്യായത്തിലെ പരിവർത്തനം – ചെയ്യപ്പെടാത്ത ദേശാധിപതി ഫേലിക്സ്. പൗലൊസ് ആദ്യം ഫേലിക്സിന്റെ മുമ്പിൽ നിന്നതും അവസാനഭാഗത്ത് ഫേലിക്സ് പൗലൊസിന്റെ മുമ്പിൽ നിന്നപ്പോഴും ഉള്ള സാമ്യത്തെ ഞാൻ അദ്ധ്യായത്തിൽ നോക്കിയപ്പോൾ എനിക്ക് ആഘാതം ഉണ്ടായി. ദിവസത്തിന്റെ ഒരു ഭാഗം മുഴുവൻ പൗലൊസിനെ വിചാരണ ചെയ്തു; എന്നാൽ ഫേലിക്സ് പരിക്ഷിക്കപ്പെട്ടതു രണ്ടു വർഷം ആയിരുന്നു.

**രണ്ടു പേർ വിചാരണയിൽ (24:24)**

"കുറെനാൾ കഴിഞ്ഞിട്ടു [പൗലൊസിനെ സുരക്ഷിതമായി കസ്റ്റഡിയിലാക്കിയിട്ട്], ഫേലിക്സ് യെഹൂദ സ്ത്രീയായ തന്റെ ഭാര്യ ദ്രുസില്ലയുമായി വന്നിട്ടു, മറ്റു ഉദ്യോഗസ്ഥരെയും മറ്റും ചെന്നു കാണുകയും വേണമായിരുന്നു" (വാക്യം 24). നാടുവഴിയുടെ ചുമതലകളുടെ ഭാഗമായി, ഫേലിക്സിന് – തന്റെ പരിശോധന സന്ദർശനങ്ങളിൽ ഉദ്യോഗസ്ഥന്മാരെ കാണുന്നതും, അതുപോലെ ഉള്ളതും ഉൾപ്പെടുന്നു. അത്തരം സന്ദർശനം നടത്തി മടങ്ങുമ്പോൾ, ദേശാധിപതിയും ഭാര്യയും കൈസര്യയിൽ വീണ്ടും എത്തി.[3]

നാം കൂടുതൽ മുമ്പോട്ടു പോകുന്നതിനു മുമ്പ്, ഈ ദമ്പതികളെക്കുറിച്ചു ചെറിയ ഒരു സ്കെച്ച് ഇടുന്നതു ഉചിതമായിരിക്കും. ക്ലൗദ്യൊസിന്റെ അമ്മ, അന്റോണിയയുടെ വീട്ടിൽ ഒരു ദാസനായിട്ടായിരുന്നു ഫേലിക്സിന്റെ[4] ജനനം. അന്റോണിയക്ക് ഫേലിക്സിനോടും അവന്റെ സഹോദരനായിരുന്ന പല്ലാസിനോടും ഇഷ്ടം തോന്നി അവരെ സ്വത

ന്ത്രരാക്കി. പല്ലാസ് ക്ലൗദ്യൊാസിന്റെ പ്രീതി സമ്പാദിച്ചു, ക്ലൗദ്യൊാസ് ചക്രവർത്തിയായപ്പോൾ, സാമ്രാജ്യത്തിൽ നല്ല സ്വാധീനം ഉപയോഗിക്കാൻ അവനു കഴിഞ്ഞു. പല്ലാസിന്റെ സ്വാധീനത്താലായിരുന്നു ആദ്യം ഫേലിക്സിന് ശമര്യയിൽ ഒരു അധികാര സ്ഥാനം കിട്ടിയതും പിന്നെ യെഹൂദ്യയിലെ നാടുവാഴിയായിത്തീരുകയും ചെയ്തത്. ഒരു ദാസൻ അത്തരം ഉയർന്ന പദവിയിൽ എത്തുന്നതു ചരിത്രത്തിൽ ആദ്യ സംഭവം ആയിരുന്നു.

ഫേലിക്സിനു സ്ഥാനം ഉണ്ടായിരുന്നെങ്കിലും, അവനു ഭരിക്കുവാനുള്ള ഏർപ്പാടില്ലായിരുന്നു. റോമൻ ചരിത്രകാരനായിരുന്ന ടാസിറ്റസ് പറഞ്ഞു "എല്ലാ വിധ ക്രൂരത്വവും മോഹവും, [ഫേലിക്സ്] ഒരു രാജാവിന്റെ അധികാരത്തിലും ഒരു ദാസന്റെ ദേഷ്യവും പുലർത്തിയി രുന്നു."[5] ഒരു എഴുത്തുകാരൻ അവന്റെ സ്വാഭാവത്തെക്കുറിച്ചു ക്രൂരനും, അഴിമതിക്കാരനും, അത്യാഗ്രഹിയും, വിട്ടു വീഴ്ച്ച ചെയ്യുന്നവനും എന്നാണ് സൂചിപ്പിച്ചത്.[6] യെഹൂദ്യയിൽ ഏറ്റവും അശാന്തിയിലായിരുന്ന സമയത്തായിരുന്നു ഫേലിക്സ് അവിടത്തെ ദേശാധിപതി ആയത്. നയവും തന്ത്രപരവുമായ ഒരാൾക്കു ആ സാഹചര്യത്തിലെ പിരിമുറുക്കം ഒഴിവാക്കുവാൻ കഴിഞ്ഞേനെ, പക്ഷെ ഫേലിക്സിനു ഈ രണ്ടു ഗുണങ്ങളുമില്ലായിരുന്നു. പിന്നീട് ഒരു ദശാബ്ദത്തോടടുപ്പിച്ച് പോയ യെഹൂദ മത്സരത്തിനു മുഖ്യകാരണം അവന്റെ ദയയില്ലാത്ത ഭരണമായിരുന്നു എന്നു ചരിത്രകാരന്മാർ പറയുന്നു – ആ മത്സരമാണ് യെരുശലേമിന്റെ നാശത്തിനു കാരണമാക്കിയത്.

ദേശാധിപതിയോടു ചേർത്തിരിക്കുന്ന സ്ത്രീയാണെങ്കിൽ സ്വയം – കേന്ദ്രീകൃത പ്രവൃത്തികൾക്കും കടിഞ്ഞാണിടാത്ത മോഹങ്ങൾക്കും അവനു തുല്യയായിരുന്നു. അവൾ ആണെങ്കിൽ കുപ്രസിദ്ധ ഹെരോദാവിന്റെ കുടുംബാംഗം ആയിരുന്നു.[7] അവളുടെ അപ്പനായിരുന്നു അപ്പൊസ്തലനായിരുന്ന യാക്കൊബിനെ കൊന്നത് (12:1, 2). അവളുടെ വലിയ – അമ്മാവനായിരുന്നു യോഹന്നാൻ സ്നാപകനെ കൊന്നത് (മത്തായി 14:1–12) യേശുവിനെ പരിഹസിച്ചതും അവനായിരുന്നു (ലൂക്കൊസ് 23:6–12). അവളുടെ വലിയ – വല്ല്യ – പ്പൻ ശിശുവായിരുന്ന യേശുവിനെ കൊല്ലുവാൻ ശ്രമിച്ചതാണ് (മത്തായി 2). ദ്രുസില്ലായെ "ഒരു യെഹൂദ സ്ത്രീ" എന്നു പറയുവാൻ കാരണം അവളുടെ വലിയ – വല്ല്യമ്മ പ്രസിദ്ധ യെഹൂദകുടുംബമായ, മരിയാമ്നേ ആയിരുന്നു.[8] ദ്രുസില്ലായ്ക്ക് ഹേരോദാവ് അഗ്രിപ്പാവ് II എന്ന, സഹോദരനും, ബർന്നീക്കാ, എന്ന സഹോദരിയും ഉണ്ടായിരുന്നു, അവരെ നാം 25–ാം അദ്ധ്യായത്തിൽ കണ്ടു മുട്ടും.

ദ്രുസില്ലയുടെ വിഷയാസക്തമായ സൗന്ദര്യത്തെ ചരിത്രകാരന്മാർ ഐക്യകണ്ഠേന പുകഴ്ത്തിയിട്ടുണ്ട്. ക്ലോവിസ് ചാപ്പെൽ പറഞ്ഞതു "അവൾ പുറമെ സൗന്ദര്യവതിയായിരുന്നു" എങ്കിലും "ഉള്ളു ചീഞ്ഞളിഞ്ഞതായിരുന്നു"[9] ദ്രുസില്ല ദേശാധിപതിയുടെ മൂന്നാമത്തെ ഭാര്യയായിരുന്നു.[10] അവൾക്കു പതിനാറു വയസ്സായപ്പോൾ അവളുടെ ഭർത്താവിൽ നിന്നുമാറ്റി ഫേലിക്സ് അവളെ വ്യഭിചരിച്ചു. ഇരുപതു തികയാത്ത ദ്രുസില്ല, ലോകവഴിയിൽ അവൾ പ്രായമുള്ളവൾ ആയിരുന്നു.

നമ്മുടെ സംഭവസമയത്ത്, ഫേലിക്സും ദ്രുസില്ലയും കൈസര്യയിൽ മടങ്ങിയെത്തി. അവർ വാർത്തകൾ ചോദിച്ചറിഞ്ഞപ്പോൾ, പൗലൊസിന്റെ പേർ കേട്ടു – ദ്രുസില്ല ഉടനെ അവനെ കാണണമെന്നും അവന്റെ പ്രസംഗം കേൾക്കണമെന്നും താല്പര്യപ്പെട്ടു. വെസ്റ്റേൺ ടേക്സ്റ്റ് പറയുന്നത് "പൗലൊ2സിനെ കാണണമെന്നും അവന്റെ പ്രസംഗം കേൾക്കണമെന്നും, ദ്രുസില്ല പറഞ്ഞതുകൊണ്ട് അവളെ തൃപ്തിപ്പെടുത്തുവാനാണ് [ഫേലിക്സ്] പൗലൊസിനെ വിളിപ്പിച്ചത്" എന്നാണ്. പൗലൊസിന്റെ പ്രസംഗം കേൾക്കാൻ ദ്രുസില്ല ആഗ്രഹിച്ചതെന്തുകൊണ്ട്? മൂകമായ വൈകുന്നേരം ആസ്വാദ്യമാകുവാനാണോ,[11] അതോ അവൾക്കു ഏകവഴി അറിയുവാനുള്ള താല്പര്യം ഉണ്ടായിരുന്നോ? അവളുടെ താല്പര്യം ആത്മാർത്ഥമായിരുന്നു എന്നു നമുക്ക് ആശിക്കാം.

കാരണം എന്തായാലും, ഫേലിക്സ് "പൗലൊസിനെ വരുത്തുവാൻ ആളയച്ചു" (24:24). സി.സി. ക്രാഫോർഡ് രംഗം ഇങ്ങനെ ചിത്രീകരിക്കുന്നു:

> ഫേലിക്സ് അവനെ സൂക്ഷിച്ചമുറിയിൽ നിന്നു കൊണ്ടുവന്നു അവരോടു ക്രിസ്തുവിലുള്ള വിശ്വാസത്തെക്കുറിച്ചു കൂടുതൽ പറയുവാൻ കല്പിച്ചു ... . മാർബിൾ കോണിപ്പടിയിലൂടെ നടന്നു വന്നപ്പോൾ, അവന്റെ ചങ്ങലയുടെ കിലുകിലാ ശബ്ദം കേട്ടിരുന്നു, അവന്റെ വസ്ത്രത്തിൽ നിന്നു തടവിന്റെ നാറ്റം ബഹിർഗമിച്ചിരുന്നു, അറുപതു വയസ്സുപ്രായമുള്ള ചെറിയ മനുഷ്യൻ, പക്ഷെ എൺപതു തോന്നിക്കും. അവൻ ദേശാധിപതിയുടേയും അരികിൽ ഇരുന്ന സുന്ദരിയായ സ്ത്രീയുടെയും മുമ്പിൽ മര്യാദകൊണ്ട് കുനിഞ്ഞു. അവരുടെ ആവശ്യപ്രകാരം, അവൻ വിശ്വാസത്തിന്റെ ആദ്യ പാഠങ്ങൾ അവതരിപ്പിച്ചു.[12]

### കുറ്റാരോപണങ്ങൾ (24:24, 25)

പൗലൊസ് ഫേലിക്സിന്റേയും ദ്രുസില്ലയുടേയും മുമ്പിൽ നിന്നപ്പോൾ, അവരെ ആകർഷിക്കുന്നതിനും പ്രീതിപ്പെടുത്തുന്നതിനും അനവധി വിഷയങ്ങൾ വേണമെങ്കിൽ അവനു പ്രസംഗിക്കാൻ എടുക്കാമായിരുന്നു: ഗ്രീക്ക് തത്വശാസ്ത്രം, പുരാതന ഇതിഹാസങ്ങൾ, തന്റെ യാത്രകളിൽ കണ്ട അത്ഭുതങ്ങൾ എന്നിവ. പൗലൊസ്, എങ്ങനെയായാലും, അവരുടെ കയ്യടി നേടുവാനല്ല ആഗ്രഹിച്ചത്, പക്ഷെ അവരുടെ ആത്മാക്കൾ ആയിരുന്നു.[13] അവൻ അവരോട് "ക്രിസ്തുവിലുള്ള വിശ്വാസത്തെക്കുറിച്ചാണ്" സംസാരിച്ചത് (വാക്യം 24). ദ്രുസില്ലക്കു യെഹൂദ പാരമ്പര്യം ഉണ്ടായിരുന്നതുകൊണ്ട്, പൗലൊസ് ഒരു പക്ഷെ പഴയ നിയമ പ്രവചനങ്ങൾ ക്രിസ്തുവിന്റെ ജീവിതത്തിൽ നിറവേറിയതു വിവരിച്ചുകൊണ്ട് തുടങ്ങിക്കാണും (17:2, 3 നോക്കുക). അവൻ തീർച്ചയായും അവന്റെ ക്രൂശിലെ മരണവും ഉയിർത്തെഴുന്നേല്പും, രക്ഷക്കായി അവനിൽ ആശ്രയിക്കേണ്ട ആവശ്യകതയും പറഞ്ഞുകാണും (4:12; 2:37, 38).

പൗലൊസിന്റെ പ്രസംഗം അപ്രതീക്ഷിതമായ ഒരു വഴിത്തിരിവായി. അവന്റെ അവതരണം വേദനാജനകവും വ്യക്തിപരവുമായിരുന്നു. യേശു

വിലുള്ള വിശ്വാസം ധാർമ്മിക നീതി ഉൾപ്പെടുന്നതാണെന്ന് അവൻ സൂചിപ്പിച്ചു. ചിലപ്പോൾ, ആളുകൾ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്, "ഉപദേഷ്ടാവേ, നിങ്ങൾ പ്രസംഗം നിർത്തി അനാവശ്യ കാര്യങ്ങളിൽ ഇടപെടുന്നു." പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ, നല്ല പ്രസംഗം അനാവശ്യ കാര്യങ്ങളിൽ ഇടപെടുന്നതാണ്;[14] നാം ജീവിക്കുന്നിടത്തു പ്രസംഗം നിർത്തണം.

പൗലൊസിന്റെ അവതരണം വിശ്വസനീയവും, തർജ്ജനവും, മടികൂടാത്തതും, സാഹസപരവുമായിരുന്നു. ലൂക്കൊസ് അപ്പൊസ്തലന്റെ മൂന്നു - പോയിന്റുള്ള പ്രസംഗം രേഖപ്പെടുത്തിയിരിക്കുന്നതു: "അവൻ സംസാരിച്ചത് *നീതി, ഇന്ദ്രിയ - ജയം, വരുവാനുള്ള ന്യായവിധി* എന്നിവയാണ് അവ" (വാക്യം 25; എംഫസിസ് മൈൻ). ഫേലിക്സിന്റെ മുമ്പിലെ പൗലൊസിന്റെ വിചാരണസമയത്ത്, അവനെതിരായി മൂന്നു ആരോപണങ്ങൾ ഉന്നയിച്ചിരുന്നു (24:5, 6) - കുറ്റാരോപണങ്ങൾ തികച്ചും തെറ്റായിരുന്നു. ഇപ്പോൾ, ഫലത്തിൽ, ഫേലിക്സിനും ദ്രുസില്ലക്കും എതിരായും മൂന്നു ആരോപണങ്ങൾ ആയിരിക്കുന്നു - ഈ ആരോപണങ്ങൾ വേദനയോടെ സത്യമെന്നു പറയട്ടെ.

*അനീതിയുടെയും തെറ്റിന്റെയും പര്യായമായ പേരുള്ള ദമ്പതികളോട്, പൗലൊസ് നീതിയെക്കുറിച്ചു സംസാരിച്ചു "നീതി"*[15] *എന്നതു.* ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തിരിക്കുന്നതു "നല്ലതു ചെയ്യൽ" എന്നു സൂചിപ്പിക്കാം. സങ്കീർത്തനക്കാരൻ കർത്താവിനോടു പറഞ്ഞു: "നിന്റെ കല്പനകൾ എല്ലാം നീതിയുള്ളവ ആകുന്നു" (സങ്കീർത്തനങ്ങൾ 119:172). "സകല നീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം" എന്നാണ് കർത്താവു പറഞ്ഞത് (മത്തായി 3:15). ദൈവദൃഷ്ടിയിൽ നീതിയായി എണ്ണപ്പെടുക എന്നും വാക്കിന് അർത്ഥമുണ്ട് (ഫിലിപ്പിയർ 3:9). അബ്രഹാമിന്റെ വിശ്വാസം "അവനു നീതിയായി കണക്കിട്ടു" (റോമർ 4:3). നീതിക്ക് "ന്യായം" എന്ന ആശയവും തുല്യമല്ല, നല്ല - ഗുണങ്ങൾക്ക് ദേശാധിപതിയും ഭാര്യയും അന്യരായിരുന്നു.

ചുരുക്കി പറഞ്ഞാൽ, പൗലൊസ് പ്രസംഗിച്ചത് പാപത്തെക്കുറിച്ചാണ് - പ്രത്യേകിച്ച് ഫേലിക്സും ദ്രുസില്ലയും പാപികൾ ആയിരുന്നതുകൊണ്ട് അവർക്ക് ദൈവകൃപ ആവശ്യമായിരുന്നു! യേശു പറഞ്ഞു പരിശുദ്ധാത്മാവു വന്നു ലോകത്തിൽ "നീതിയെക്കുറിച്ചും പാപത്തെക്കുറിച്ചും ബോധം വരുന്നു, ..." (യോഹന്നാൻ 16:8). ലോകത്തിനു ഇന്നും ഇതിനേക്കാൾ വലിയ ആവശ്യം ഇല്ല, കാരണം ലോകത്തിനു പാപബോധം നഷ്ടപ്പെട്ടിരിക്കുന്നു. അറിയപ്പെട്ടിരുന്ന കവിയും എഴുത്തുകാരനും ആയിരുന്ന ഫില്ലിസ് മെക്ജിൻമേ നിരീക്ഷിച്ചു, "ആളുകൾ പാപികൾ അല്ല. അവർ അപക്വതയുള്ളവർ അല്ലെങ്കിൽ അവകാശങ്ങൾ കുറച്ചു ലഭിക്കുവാൻ അല്ലെങ്കിൽ, ഭയപ്പെടുന്നവൻ അല്ലെങ്കിൽ പ്രത്യേകമായി, രോഗികൾ ആണ്."[16] ലോകത്തിനു ഇഷ്ടപ്പെട്ടാലും ഇ ല്ലെങ്കിലും, പാപം പാപം തന്നെയാണ്, "പാപത്തിനു ശമ്പളം" ഇപ്പോഴും മരണം തന്നെയാണ് (റോമർ 6:23)![17]

ഒരിക്കൽ, അമേരിക്കൻ പ്രസിഡന്റായിരുന്ന കാൽവിൻ ക്യൂലിജ് സഭാരാധന കഴിഞ്ഞ് മടങ്ങി വരുമ്പോൾ, അദ്ദേഹത്തോട് ഉപദേഷ്ടാവ്

പ്രസംഗിച്ച വിഷയം എന്തെന്നു ചോദിക്കയുണ്ടായി. അധികം സംസാരിക്കാത്ത, സ്വഭാവക്കാരനായിരുന്ന പ്രസിഡന്റ്, മറുപടി പറഞ്ഞു, "പാപം." അന്വേഷിച്ച ആൾ, നിന്ന നിലയിൽ ചോദിച്ചു: "അദ്ദേഹം പാപത്തെ കുറിച്ചു എന്താണ് പ്രസംഗിച്ചത്?" കൂലിജ് പറഞ്ഞു, "അദ്ദേഹം അതിനെതിരായിരുന്നു." ഒരു ഉപദേഷ്ടാവു വെറുതെ "പാപത്തിനെതിരായി" പ്രസംഗിക്ക മാത്രം ചെയ്താൽ ആരും അദ്ദേഹത്തെ എതിർക്കുകയില്ല. പൗലൊസ്, എങ്ങനെയായാലും, വ്യക്തിപരമായി അസ്വസ്ഥനായിത്തീർന്നു. *രണ്ടു പേർ മുൻപു മോഹത്താൽ ജീവിച്ചു വന്നു, പൗലൊസ് അവരോടു "ഇന്ദ്രിയ – ജയത്തെക്കുറിച്ചു" സംസാരിച്ചു.*

ഇന്ദ്രിയ – ജയത്തെക്കുറിച്ചു ബൈബിൾ വളരെ സംസാരിക്കു ന്നുണ്ട്. ആത്മാവിന്റെ ഫലങ്ങളിൽ ഉൾപ്പെട്ടതാണ് ഇന്ദ്രിയ – ജയം (ഗലാത്യർ 5:23) – ക്രിസ്തീയ കൃപകളിൽ ഒന്നാണത് (2 പത്രൊസ് 1:6).[18] "സെൽഫ് – കൺട്രോൾ" എന്ന ഇംഗ്ലീഷ് തർജ്ജിമയുടേയും സ്വയം – അച്ചടക്കം എന്നതും, ഒരാളുടെ ഇച്ഛകളെ നിയന്ത്രിക്കലാണ്,[19] "ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടെ" ക്രൂശിക്കുവാനുള്ള കഴിവാണ് (ഗലാത്യർ 5:24). ഇന്ദ്രിയ – ജയം ഉള്ള ആൾ തെറ്റായതെല്ലാം വർജ്ജിക്കും.[20]

പൗലൊസിന്റെ കാലത്ത്, "ഈ വാക്ക് അടിക്കടി *ലൈംഗിക* വിശുദ്ധി സൂക്ഷിക്കുന്നതിനും ഒരാളുടെ സ്വഭാവത്തെ നിയന്ത്രിക്കുന്നതിനും ഉപയോഗിച്ചിരുന്നു"[21] (ഉദാഹരണമായി, 1 കൊരിന്ത്യർ 7:9). ലജ്ജ കൂടാതെ ലൈംഗിക പാപത്തിൽ ജീവിക്കുന്ന ഒരേ ദമ്പതിമാരോട് ഇത്തരം സന്ദേശം അറിയിക്കുന്നതു അപകടമായിരുന്നു (1 കൊരിന്ത്യർ 9:10). യോഹന്നാൻ സ്നാപകൻ ഇതേപോലെ ഒരു സന്ദേശം ദ്രുസില്ലയുടെ വലിയ – അമ്മാവനോട് നല്കിയപ്പോൾ, യോഹന്നാന് അവന്റെ തല നഷ്ടപ്പെട്ടു (മത്തായി 14:4, 10)! അതു, എങ്ങനെയായാലും, വാസ്തവത്തിൽ ഫേലിക്സും ദ്രുസില്ലയും കേൾക്കേണ്ട സന്ദേശം ആയിരുന്നു – പൗലൊസ് അതു പ്രസംഗിക്കാനും മടിച്ചില്ല!

ഇന്നു, നമ്മുടെ സമൂഹത്തെ മലിനപ്പെടുത്തുന്ന ലൈംഗിക പാപത്തെ തുറന്നു പ്രസംഗിക്കാൻ ധൈര്യമുള്ള പുരുഷന്മാർ നമുക്ക് ആവശ്യമാണ് (2 തിമൊഥെയൊസ് 4:1–4 നോക്കുക). ഉടനെയോ നിത്യമായോ ഉണ്ടാകുന്ന അനന്തര ഫലത്തെക്കുറിച്ചു അല്പമെങ്കിലും ചിന്തിക്കാതെ ആയിരക്കണക്കിന് ആളുകൾ ദുർന്നടപ്പും വ്യഭിചാരവും ആചരിക്കുകയാണ് (റോമർ 13:9; 1 കൊരിന്ത്യർ 6:18–20; ഗലാത്യർ 5:19–21). "വ്യഭിചാരം ചെയ്യുന്നവന്നു ... ബുദ്ധി നഷ്ടമാകും" എന്നതു വാസ്തവമാണ് (സദൃശവാക്യങ്ങൾ 6:32).[22]

മൂന്നാമതൊരു സത്യം കൂടെ പൗലൊസിനു പറയുവാനുണ്ടായിരുന്നു. "ഒരാൾ നീതിയോടെ അല്ലെങ്കിൽ ഇന്ദ്രിയ ജയത്തോടെ ജീവി ച്ചാൽ എന്തു വ്യത്യാസമാണ് വരുത്തുന്നത്?" എന്ന ചോദ്യത്തിന് അവൻ ഉത്തരം പറയേണ്ടി വരുന്നു, "പൗലൊസേ, നീ ദൈവഭക്തനായി, അച്ചടക്കമുള്ള ജീവിതം നയിച്ചു – അതു നിന്നെ എവിടെ എത്തിച്ചു? നീ ഞങ്ങളുടെ മുമ്പിൽ ചങ്ങലയിൽ നാറുന്ന ഉള്ളുടുപ്പുമായി നിൽക്കുന്നു. എന്നാൽ ഞങ്ങളോ ഞങ്ങളുടെ ഇഷ്ടപ്രകാരം ജീവിച്ചു, രാജകീയ വസ്ത്രത്തിൽ സിംഹാസനത്തിൽ ഇരിക്കുന്നു!" എന്ന് ഫേലിക്സിനും

ദ്രുസില്ലക്കും പറയാൻ കഴിയുമായിരുന്നു. ദൈവം എല്ലാ കണക്കും ഇന്ന് ജീവിതത്തിൽ തന്നെ തീർക്കുകയില്ല എന്ന് അവർ അറിയേണ്ടിയിരുന്നു. *നൈമിഷിക സുഖത്തിൽ ജീവിച്ച ജോഡികൾക്ക്, " ഒരു ന്യായവിധി വരാനിരിക്കുന്നു" എന്നു പൗലൊസ് പറഞ്ഞു.*

പൗലൊസ് ഫേലിക്സിന്റെയും ദ്രുസില്ലയുടെയും സിംഹാസനത്തിനു മുമ്പിലായിരുന്നു നിന്നതു, എന്നാൽ അവർ ഒരിക്കൽ നിത്യ സിംഹാസനത്തിനു മുമ്പിൽ *അവരുടെ* ഭോഗാ-സക്തിക്കും ദുർന്നടത്തക്കും കണക്കു കൊടുക്കേണ്ടി വരും എന്ന് അവൻ അവരെ അറിയിക്കാനാഗ്രഹിച്ചു (റോമർ 14:12; 2 കൊരിന്ത്യർ 5:10; വെളിപ്പാട് 20:11–15). അഥേനയിലുള്ളവരോട് പൗലൊസ് ഇങ്ങനെ പറഞ്ഞു:

> എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ, എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോടു കല്പിക്കുന്നു. താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. അവനെ മരിച്ചവരിൽ നിന്നുയിർത്തെഴുന്നേല്പിച്ചതിനാൽ, എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയുമിരിക്കുന്നു (പ്രവൃത്തികൾ 17:30, 31).

അനേക പ്രസംഗ പീഠങ്ങളിൽ, ന്യായവിധി എന്നതു ത്യജിക്കപ്പെട്ട വിഷയമാണ്. ഈ ലോക ജീവിതത്തിനു ശേഷം സ്വർഗ്ഗത്തിൽ ഒരു സ്വീകരണകമ്മിറ്റി എല്ലാവരേയും അനുമോദിക്കും എന്നു വിശ്വസിക്കാൻ ആഗ്രഹിക്കുന്നവരാണ് ആളുകൾ.[23] എങ്ങനെയായാലും, എബ്രായ ലേഖകൻ ഊന്നി പറഞ്ഞിരിക്കുന്നു:

> ഒരിക്കൽ മരിക്കയും പിന്നെ *ന്യായവിധിയും* [സകല] മനുഷ്യർക്കും നിയമിച്ചിരിക്കയാൽ (എബ്രായർ 9:27; എംഫസിസ് മൈൻ).
>
> സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മന:പ്പൂർവ്വം പാപം ചെയ്താൽ ... , പാപങ്ങൾക്കു വേണ്ടി, ഇനി ഒരു യാഗവും അവശേഷിക്കാതെ, ന്യായവിധിക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരികളെ ദഹിപ്പിപ്പാനുമുള്ള ക്രോധാഗ്നിയുമേയുള്ളു (എബ്രായർ 10:26, 27).
>
> "പ്രതികാരം എനിക്കുള്ളതു, ഞാൻ പകരം വീട്ടും," ... എന്നും കർത്താവു തന്റെ ജനത്തെ ന്യായം വിധിക്കും എന്നും അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലൊ. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം (എബ്രായർ 10:30, 31).[24]

### പ്രതികരണം (24:25)

പൗലൊസിന്റെ വിചാരണാസമയത്ത്, അവനെതിരായ കുറ്റാരോപണങ്ങളിൽ അവൻ പ്രതികരിച്ചതിൽ നാം അതിശയിക്കയില്ലായിരുന്നു:

അവൻ ഉടനെ തന്നെ പ്രതിരോധിക്കാൻ തുടങ്ങി. ഫലത്തിൽ, പൗലൊസ്, ഫേലിക്സിനേയും ദ്രുസില്ലയേയും അവരുടെ അനീതിയെയും, ഭോഗാ – ശക്തിയേയും, ന്യായവിധിയെ അലക്ഷ്യമാക്കിയതിനേയും കുറ്റപ്പെടുത്തിയപ്പോൾ, ദേശാധിപതിയുടെ പ്രതികരണം അപ്രതീക്ഷിതവും, ഞെട്ടിക്കുന്നതുമായിരുന്നു.[25] ഒരു നിമിഷത്തേക്ക്, അടി കിട്ടിയതു പോലെ സ്തബ്ധനാവുകയും ഒന്നും ചെയ്യാനാകാതെ "ഭയപരവശനായിരുന്നു" (വാക്യം 25; കെജെവി). "എന്നാൽ അവൻ [പൗലൊസ്] നീതി, ഇന്ദ്രിയ – ജയം, വരുവാനുള്ള ന്യായവിധി എന്നിവയെക്കുറിച്ചു സംസാരിക്കുമ്പോൾ, ഫേലിക്സ് ഭയപരവശനായി" (വാക്യം 25). ASV യിൽ "ഫേലിക്സ് *ഭയപ്പെട്ടു*" എന്നാണ് (എംഫസിസ് മൈൻ.)

ക്ലോവിസ് ചാപ്പെൽ അവിടെ ഉണ്ടായിരുന്നു എന്ന സങ്കല്പത്തിൽ നിരീക്ഷിക്കുന്നുണ്ട്:

> ഞാൻ നോക്കിയപ്പോൾ, അവൻ തന്റെ മുഷ്ടിചുരുട്ടി കാൽമുട്ടുകൾ നീരുവെക്കുന്നതുവരെ ഇടിക്കുന്നതു കണ്ടു, പിന്നെ അവൻ തന്റെ നഖങ്ങൾ കൈകളിലെ പാദങ്ങൾവരെ കടിക്കുന്നതുകണ്ടു. അവന്റെ മുഖത്തു വലിയ ബാഷ്പകണങ്ങളും ഞാൻ കണ്ടു. കൊടും തണുപ്പിൽ വിറക്കുന്ന ഒരു മനുഷ്യനെപ്പോലെ അവൻ ആയതു ഞാൻ കണ്ടു.[26]

ഫേലിക്സ് ആരായിരുന്നു എന്നറിഞ്ഞുകൊണ്ട്, അവനു സ്പർശിക്കാവുന്ന മന:സ്സാക്ഷി ഉണ്ടെന്നു കരുതുക പ്രയാസമാണ്; എന്നാൽ സ്പഷ്ടമായും അവനത് ഉണ്ടായിരുന്നു. ദൈവവചനമെന്ന കണ്ണാടിയിലൂടെ അവൻ ആരായിരുന്നു എന്നു അവനു കാണാൻ കഴിഞ്ഞു (യാക്കൊബ് 1:23–25) – കൂടാതെ നിത്യതയുടെ ഒരു മിന്നലാട്ടവും – അവൻ കണ്ടത് മരിക്കത്തക്ക ഭയമുളവാക്കി.

ആകസ്മികമായി, ദ്രുസില്ലക്കു ആ സമയത്തു ഭയമോ പൗലൊസിന്റെ പ്രസംഗത്താൽ സ്പർശനമോ അവളിലുമുണ്ടായതായി സൂചന ഒന്നുമില്ല. ഈ സുന്ദരിയായ സ്ത്രീക്കു എപ്പോഴെങ്കിലും സുവിശേഷത്തിൽ താല്പര്യം ഉണ്ടായിരുന്നെങ്കിൽ, അവൾക്ക് പെട്ടെന്ന് ആ താല്പര്യം നഷ്ടപ്പെട്ടു കാരണം അതു സ്വീകരിച്ചാൽ അവളുടെ ജീവിതശൈലി മാറ്റേണ്ടി വരും.

### ഫലം (24:25-27)

ഫേലിക്സിനു അതു സത്യത്തിന്റെ നിമിഷം ആയിരുന്നു – അവന്റെ സുവർണ്ണാവസരം. ദേശാധിപതി നിരാശയോടെ, "സഹോദരാ, ഞാൻ എന്താണ് ചെയ്യേണ്ടത്?'' എന്ന് ഉറക്കെ ചോദിച്ചിരുന്നെങ്കിൽ (2:37 നോക്കുക), അവന്റെ ജീവിതത്തിൽ എന്തുമാറ്റം വരുമായിരുന്നു – അവന്റെ നിത്യതക്കും – എന്തു മാറ്റം വരുമായിരുന്നു! പകരം, അവൻ ഉച്ചത്തിൽ പറഞ്ഞു, "നില്ക്ക!" തിന്മ വിട്ടു നീതിയിലേക്കു തിരിയുവാൻ മതിയായത്ര ഭയം അവനിൽ ഇല്ലായിരുന്നു, ആ മുഖാമുഖം ചുരുക്കുവാൻ മാത്രം പര്യാപ്തമായി,[27] പറഞ്ഞു, "തല്ക്കാലം പോകാം,[28] അവ

സരം ഉള്ളപ്പോൾ, വിളിപ്പിക്കാം"[29] (24:25). ഫേലിക്സിന്റെ മുമ്പിലെ പൗലൊസിന്റെ വിചാരണ സമയത്ത്, ദേശാധിപതി ഒരു തീരുമാനം എടുക്കുന്നതു നീട്ടിവെക്കുകയായിരുന്നു (വാക്യം 22); ഫേലിക്സ് കർത്താവിന്റെ മുൻപിൽ വിചാരണക്കു നിന്നതുപോലെ, അവൻ വീണ്ടും ഒരു തീരുമാനം നീട്ടിവെച്ചു. "അവൻ തന്റെ സ്വന്ത കേസും നീട്ടി വെച്ചു."[30]

ഫേലിക്സ് അന്നു തീരുമാനം നീട്ടിവെക്കാൻ "കാരണങ്ങൾ" ഉണ്ടായിരുന്നു: താമസിച്ചു പോയിരുന്നു; അവനും ദ്രുസില്ലയും യാത്ര ചെയ്തു ക്ഷീണിച്ചിരുന്നു; അവന്റെ മനസ്സിൽ വേറെയും കാര്യങ്ങൾ ഉണ്ടായിരുന്നു (യെഹൂദന്മാർ ലഹളയുടെ വക്കിൽ ആയിരുന്നു).[31] പൗലൊസ് പറഞ്ഞതിനെ സംബന്ധിച്ച് "പിന്നീട്" എന്നതു നല്ലൊരു കാരണമായി അവന്നു തോന്നിയേക്കാം, എന്നതിൽ സംശയമില്ല. എങ്ങനെയായാലും, വസ്തുത നിലനില്ക്കുന്നു, ആ നീട്ടി വെക്കൽ നിമിത്തം, ഫേലിക്സിന് നഷ്ടമായതു ആയുഷ്ക്കാല അവസരമായിരുന്നു.

കെജെവിയിൽ "എനിക്കു *സൗകര്യപ്രദമായ* സമയം കിട്ടുമ്പോൾ, ഞാൻ നിന്നെ വിളിപ്പിക്കാം" എന്നാണ്. (എംഫസിസ് മൈൻ) എൻ ഐവിയിലും അതുപോലെയാണ് വായിക്കുന്നത്: "എനിക്ക് സൗകര്യം കിട്ടുമ്പോൾ, ഞാൻ നിന്നെ വിളിപ്പിക്കാം." പാപസംബന്ധമായ ജീവിത ശൈലി മാറ്റുവാനോ, ലാഭകരമായ സ്ഥാനം വിട്ടുകളയാനോ, സുന്ദരിയായ ഭാര്യയെ വിട്ടുകളയാനോ ഒരിക്കലും കിട്ടുന്നതായിരുന്നില്ല "ആ അവസരം"!

ദിവസങ്ങൾ കടന്നുപോയപ്പോൾ, ഫേലിക്സിനു വീണ്ടും പൗലൊസിനെ കാണുവാൻ അവസരം ലഭിച്ചു: "പൗലൊസ് തനിക്കു ദ്രവ്യം തരുമെന്നു ആശിച്ചു അവനെ വരുത്തി അവനോടു സംഭാഷിച്ചു പോന്നു"[32] (വാക്യം 26). എങ്ങനെയായാലും, ദേശാധിപതി പൗലൊസിനെ വരുത്തിയതു ഒരിക്കലും "ക്രിസ്തുവിലുള്ള വിശ്വാസത്തെ" ക്കുറിച്ചു കേൾക്കുവാനല്ല (വാക്യം 24). വീണ്ടും അവൻ പൗലൊസിന്റെ മുമ്പിൽ ഭയപ്പെട്ടോ എന്നു, ലൂക്കൊസ് രേഖപ്പെടുത്തിയിട്ടില്ല. "ഹൃദയ ത്തിലെ ദ്രവ്യാ - ഗ്രഹം, അധികാര - ഭ്രമം, സംഭവബഹുലതയിലെ ശൂന്യത നികത്തുവാൻ കർത്താവിനെ അനുവദിക്കാനുള്ള അവസരം ഫേലിക്സ് നഷ്ടമാക്കി."[33] അവന്റ ആത്മിയ "അവസരം എന്ന ജനൽ"[34] അവൻ അടച്ചുകളഞ്ഞു.

ഫേലിക്സിൽ ഉണ്ടായിരുന്ന മിന്നിക്കൊണ്ടിരുന്ന മാന്യത കെട്ടുപോയി. പൗലൊസിനെ തടവിലാക്കിയിരിക്കുന്ന ഇരുമ്പുകമ്പികളെപ്പോലെ കഠിനമായി അവന്റെ ഹൃദയം (എബ്രായർ 4:7). എല്ലാ ആത്മിയ താല്പര്യവും പോയി.[35] ദേശാധിപതി അപ്പൊസ്തലനെ വരുത്തി, "... പൗലൊസ് തനിക്കു പണം തരുമെന്ന് ആശിച്ചു"[36] (പ്രവൃത്തികൾ 24:26). പൗലൊസ് യെശുവിനെക്കുറിച്ചു പറഞ്ഞപ്പോൾ ഫേലിക്സ് തടസ്സപ്പെടുത്തി: "അതെ, അങ്ങനെ അതെല്ലാം വളരെ താല്പര്യം ഉള്ള കാര്യങ്ങളാണ്, എന്നാൽ നീ ആദ്യം പറഞ്ഞല്ലൊ യെഹൂദന്മാർക്കു ധർമ്മം കൊണ്ടുവന്നിരിക്കുന്നു എന്ന് അതു കേൾക്കുവാനാണ് അതിലും താല്പര്യം."[37] പരിഹാസ്യാനുകമ്പയോടെ ഫേലിക്സ് പൗലൊസിനെ നോക്കുന്നതു എനിക്കു കാണാം: "അനാവശ്യമായി, പൗലൊസെ, നിന്നെ ഇങ്ങനെ കാണുന്നതിൽ എനിക്ക് അല്പം നീരസം ഉണ്ട്. സാമ്പത്തിക ശേഷിയുള്ള സ്നേഹിതന്മാർ

നിനക്കുണ്ട്, ഇല്ലേ? ഞാൻ ഒരു സാമാന്യമനുഷ്യനാണ്. ഏർപ്പാടുകൾ നമുക്കുണ്ടാക്കാം ... ."

കെ ജെ വിയും എൻ കെ ജെ വിയും പറയുന്നതു, വേറൊരു ഭാഗ മാണ്, അതിൽ പുറമെ ഒരു പ്രയോഗവുമുണ്ട്: "അവനെ അഴിച്ച് [അല്ലെങ്കിൽ, മോചിപ്പിച്ച്] വിടേണ്ടതിന്നു." മൂലഗ്രന്ഥത്തിൽ ഇതുണ്ടാ യിരുന്നാലും ഇല്ലെങ്കിലും, ഫേലിക്സ്, ഒരു പൊതുവായ കൈക്കൂലി ആശിച്ചു,[38] പൗലൊസിന്റെ മുമ്പിൽ ഒരു സ്വാതന്ത്ര്യ ചിന്ത വീശി. കൈക്കൂലി വാങ്ങുന്നതു റോമാ നിയമം വിലക്കായിരുന്നു, എന്നാൽ ഫേലിക്സിനെ പോലെയുള്ള ഉദ്യോഗസ്ഥർ അതു ജീവിതചര്യയായി നിലിർത്തിയിരുന്നു.

കൈക്കൂലിയെക്കുറിച്ചു ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്,[39] ആ ഉപദേശത്തിന്റെ ശക്തമായ പ്രായോഗികതയാണിത്. എപ്പോഴെങ്കിലും ഒരു കൈക്കൂലിയെ ന്യായീകരിക്കാമെങ്കിൽ, ആ സാഹചര്യം ഇതാണ്. പൗലൊസിനെ സ്വതന്ത്രമാക്കി പൗലൊസിനെക്കൊണ്ട് ഉപദേശിപ്പിപ്പാനും പ്രസംഗിപ്പാനും ദൈവം തീർച്ചയായും ആഗ്രഹിച്ചു, "ഈ ഒരു സമയം." അഴിമതിക്കാരനായ ഉദ്യോഗസ്ഥനെ വിലക്കു വാങ്ങുന്നതു സന്ദർഭോ ചിതമായ കാര്യമെന്നു പൗലൊസിന്റെ സ്നേഹിതന്മാർക്കു കരുതാമാ യിരുന്നു; എന്നാൽ, പ്രധാനമായി, ഒരു കൈക്കൂലിയും വരുന്നില്ല. "അവ സാനം" ദൈവ വചനത്തെ ലംഘിക്കുന്ന "മാർഗ്ഗം" ആയതുകൊണ്ട് ഒരി ക്കലും "മാർഗ്ഗത്തെ ന്യായീകരിക്കുക" യില്ല![40]

ദിവസങ്ങൾ ആഴ്ച്ചകളായും, ആഴ്ച്ചകൾ മാസങ്ങളായും കടന്നു, രണ്ടു വർഷം പിന്നിട്ടു (വാക്യം 27).[41] ഫേലിക്സും പൗലൊസും തമ്മിൽ സംഭാഷണങ്ങളും നടന്നു, പക്ഷെ പണം വന്നില്ല. രണ്ടു വർഷത്തിന്റെ അവസാനം, "ഫേലിക്സിനു പിൻവാഴിയായി പൊർക്ക്യൊസ് ഫെസ്തൊസ് വന്നപ്പോൾ;[42] ഫേലിക്സ് യെഹൂദന്മാരുടെ പ്രീതി സമ്പാ ദിക്കേണം എന്നു വെച്ചു, പൗലൊസിനെ തടവുകാരനായി വിട്ടേച്ചു പോയി"[43] (വാക്യം 27). എ.ഡി 59-ൽ നീറോ ഫേലിക്സിനെ സ്ഥാനഭ്ര ഷ്ടനാക്കി റോമയിലേക്കു വിളിപ്പിച്ചു.[44] അവൻ എന്തുകൊണ്ടു യെഹൂദ ന്മാരുടെ പ്രീതി സമ്പാദിച്ചു എന്നും അവനെ മാറ്റിയതു എന്തുകൊണ്ടാ ണെന്നു ചരിത്രം വ്യക്തമാക്കുന്നുണ്ട്:

> കൈസര്യ യെഹൂദപട്ടണമാണോ അതോ ഗ്രീക്കു പട്ടണമാണോ എന്നതിനെപ്പൊല്ലി നീണ്ട വാദം യെഹൂദന്മാരും യവന്മാരും തമ്മിൽ നടന്നതുകൊണ്ട് അവർക്കിടയിൽ വിദ്വേഷം നില നിന്നിരുന്നു. ഒരു വലിയ ജനക്കൂട്ടം ലഹള ആരംഭിച്ച് അക്രമം അഴിച്ചുവിട്ടതിൽ യെഹൂദന്മാരായിരുന്നു മുൻപന്തിയിൽ. അപ്പോൾ ജാതികളെ സഹാ യിക്കുന്നതിനു ഫേലിക്സ് തന്റെ കീഴിലുള്ള സൈന്യത്തെ അയ ച്ചു. ആയിരക്കണക്കിനു യെഹൂദന്മാരും കൊല്ലപ്പെട്ടു, ഫേലി ക്സിന്റെ സമ്മതത്തോടും ഒത്താശയോടും കൂടെ അതിനിടയിൽ സൈന്യം സമ്പന്നരായ യെഹൂദവീടുകളെ കവർന്നെടുത്തു.
>
> എല്ലാ റോമൻ പ്രദേശക്കാരും ചെയ്തിരുന്നതുപോലെ യെഹൂ ദന്മാരും ചെയ്തു - അവർ ദേശാധിപതിക്കെതിരെ വിവരം റോമ

യിൽ അറിയിച്ചു. അതുകൊണ്ടാണ് പൗലൊസിനെ സ്വതന്ത്രനാക്കേണ്ടതാണെന്ന് അറിഞ്ഞിട്ടും, ഫേലിക്സ് തടവിൽ വിട്ടിട്ടു പോയത്. അവൻ യെഹൂദന്മാരെ സന്തോഷിപ്പിക്കുന്നതിനാണ് അങ്ങനെ ചെയ്തതു.[45]

യെഹൂദന്മാരുടെ കയ്യടി വാങ്ങുവാൻ ശ്രമിച്ച ഫേലിക്സിനെക്കുറിച്ച്, വില്ല്യം ബാർക്ക്ലേ പറഞ്ഞു, "അതെല്ലാം ഒരു ഉദ്ദേശവുമില്ലാതെ ആയിരുന്നു. ദേശാധിപതി സ്ഥാനത്തുനിന്നു അവനെ നീക്കി മരണശിക്ഷയിൽ നിന്നു ഒഴിവാക്കിയതു അവന്റെ സഹോദരനായ പല്ലാസിന്റെ ശുപാർശ നിമിത്തം ആയിരുന്നു."[46] ഫേലിക്സിനെ ഗൗളിലേക്ക് (അതായതു, ഫ്രാൻസിലേക്ക്) നാടുകടത്തപ്പെടുകയും അവൻ അവിടെ മരിക്കുകയും ചെയ്തു. ദ്രുസില്ലയും അവരുടെ മകനും വെസൂവിയസ് പർവ്വത വിസ്ഫോടനത്തിൽ പിന്നീട് നശിച്ചുപോയി,ലോകം മുഴുവൻ നേടുവാൻ ആഗ്രഹിച്ച ദമ്പതികൾ ആത്മാക്കളെ നഷ്ടപ്പെടുത്തി. അതായിരുന്നു ആ ദമ്പതികളുടെ ദു:ഖ പര്യവസാനം (മത്തായി 16:26) – പൗലൊസ് അവന്റെ കർത്താവിനെക്കുറിച്ചു അവരോടു പറഞ്ഞതു ഓർമ്മിക്കുമ്പോഴാണ് ദു:ഖം ഇരട്ടിയാവുന്നത്. "വാക്കുകളിലൂടെയും പേനകളിലൂടെയും വന്ന, ഖേദകരമായ വാക്കുകളേക്കാൾ ദു:ഖം: 'അതു അങ്ങനെ ആകാമായിരുന്നു!'"[47]

**ഉപസംഹാരം**

പ്രവൃത്തികൾ 24–ാം അദ്ധ്യായം നാം പഠിച്ചപ്പോൾ, മൂന്നു പേർ വിചാരണയിൽ ആയതു നാം കണ്ടു: പൗലൊസും, ഫേലിക്സും, ദ്രുസില്ലയും. നാം അവസാനിപ്പിക്കുന്നതിനു മുൻപു, *നാലാമത്* ഒരാൾ തന്റെ ജീവനുവേണ്ടി വിചാരണയിലായതു കാണാം: *നിങ്ങൾ.* ഇന്നു നിങ്ങൾ പരിശുദ്ധനായ ദൈവത്തിന്റെ മുൻപിൽ കുറ്റം ചുമത്തപ്പെട്ടവനായിട്ടാണ്. ഒരു പാപി എന്ന കുറ്റമാണ് നിങ്ങളിൽ ഉള്ളത്, ഒരേ ഒരു അപേക്ഷയേ ഉള്ളൂ, "കുറ്റമുള്ളവൻ" (റോമർ 3:23). ആത്മീയമായി നാം എല്ലാം അശുദ്ധരാണ്, "നമ്മുടെ നീതി പ്രവൃത്തികൾ എല്ലാം കറപിരണ്ട തുണിപോലെയാണ്" (യെശയ്യാവ് 64:6).

ദൈവവചനത്തോടുള്ള പ്രതികരണം അനുസരിച്ചാണ് ദൈവം നിങ്ങളോടു ക്ഷമിക്കയും ക്ഷമിക്കാതിരിക്കയും ചെയ്യുന്നത്. ചില ആളുകൾ പ്രതികരിക്കുന്നതു ദ്രുസില്ലയെപോലെ – അശ്രദ്ധമായി, ദൈവകൃപയെ അവഗണിച്ചുകൊണ്ടാണ്. അനവധി പേർ ഫേലിക്സിനെ പോലെ പ്രതികരിക്കും. നിങ്ങളുടെ ആത്മാവിലേക്കു നോക്കുക: "വരുവാനുള്ള ന്യായവിധി" നേരിടുമ്പോൾ നിങ്ങളുടെ ഹൃദയസ്പന്ദനം കൂടുമോ? കർത്താവിന്റെ വീണ്ടും വരവ് നിങ്ങൾ പരിഗണിക്കയാണെങ്കിൽ, സന്തോഷത്തിനു പകരം ഭയമാണോ നിങ്ങളുടെ ഉള്ളിൽ ഉണ്ടാവുക? നിങ്ങൾ ഫേലിക്സിനെപോലെ, ഭയപരവശനാകുമോ, നിങ്ങളുടെ ജീവിത ദിശ മാറ്റുവാൻ തയ്യാറാകാതെയിരിക്കുമോ? ഫേലിക്സിന്റെ ദു:ഖകരമായ സംഭവത്തിൽ നിന്നു പഠിക്കുക: ദൈവകരുണയിലേക്കു നിങ്ങളെ ഏല്പിക്കുക – അതു *ഇപ്പോൾ* തന്നെ ചെയ്യുക!

എഡ്‌വേഡ് യങ്ങ് പറഞ്ഞു, “നീട്ടി വെപ്പ് കാലത്തിന്റെ കള്ളനാണ്.”[48] അതു ആത്മാക്കളുടെ കള്ളനുമാണ്. പഴയ ഒരു ഇംഗ്ലീഷ് പഴഞ്ചൊല്ല് പറയുന്നതു “ഏതെങ്കിലും ഒരു ദിവസം എന്നതു ഈ ദിവസ ങ്ങളിൽ ഒന്നുമല്ല.” ഒരു സ്നേഹിതനായ ഉപദേഷ്ടാവ് അടുത്ത സമയത്തു പറഞ്ഞു “ഏതോ ഒരു ദിവസം കലണ്ടറിൽ ഇല്ല.”[49] ബൈബിൾ പറയുന്നു:

> നാളത്തെ ദിവസം ചൊല്ലി പ്രശംസിക്കരുത്,
> ഒരു ദിവസത്തിൽ എന്തെല്ലാം എന്നു അറിയുന്നില്ലല്ലോ (സദൃശവാക്യ ങ്ങൾ 27:1).[50]
>
> “പ്രസാദകാലത്തു ഞാൻ നിനക്കു ഉത്തരം അരുളി, രക്ഷാദിവസ ത്തിൽ ഞാൻ നിന്നെ സഹായിച്ചു” എന്നു, അവൻ അരുളിച്ചെ യ്യുന്നു വല്ലൊ ; ഇപ്പോൾ, ആകുന്നു “സുപ്രസാദകാലം,” ഇതാ, “ഇപ്പോൾ ആകുന്നു രക്ഷാ ദിവസം” (2 കൊരിന്ത്യർ 6:2).
>
> ഇത്ര കാലത്തിന്റെ ശേഷം ദാവീദു മുഖാന്തരം ഇന്നു അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ, നിങ്ങളുടെ ഹൃദയം കഠിനമാക്ക രുത് (എബ്രായർ 4:7).


ആരോ പറഞ്ഞു, “ഒരു ദിവസം സുവിശേഷം അനുസരിക്കുവാനുള്ള നിങ്ങളുടെ അവസാന ദിവസം ആയിരിക്കും.” ആ ദിവസം ഇന്നായിരി ക്കാം. നിങ്ങൾ കർത്താവിന്റെ അടുക്കൽ എത്തുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, ഇപ്പോൾ തന്നെയാണ് അതു ചെയ്യേണ്ടത്!

## ദൃശ്യ - സഹായ കുറിപ്പുകൾ

ഒരു ക്ലാസ്, രസകരമായി – തന്നെ തുടങ്ങുക: ബോർഡിന്റെ മുക ളിൽ, “ലോകത്തിൽ വെച്ചു ഏറ്റവും ഭാരമേറിയത്” എന്നെഴുതുക. അതിന്റെ താഴെ, ഒരു ആനയുടെ ചിത്രം വരക്കുക, ഭാരോദ്വഹകരുടെ പേരും, അവർ എടുത്ത ഭാരവും, പിന്നെ മറ്റു ഭാരമുള്ള സാധനങ്ങളും എഴുതുക. “ലോകത്തിൽ വെച്ചു ഏറ്റവും ഭാരമുള്ളത്” എന്താണെന്ന് ക്ലാസിലുള്ളവരോട് ചോദിക്കുക. പിന്നെ “ഭാരം” എന്നതു മാറ്റി “കാത്തി രിപ്പ്” ആക്കുക. പിന്നെ ഏറ്റവും ഭാരമുള്ള “കാത്തിരിപ്പ്” *അനുസരിക്കു വാനുള്ള* കാത്തിരിപ്പ് ആണ് എന്നെഴുതുക.

ഒരവസരത്തിൽ, ഞാൻ ഫേലിക്സിനെക്കുറിച്ചു പ്രസംഗിച്ചപ്പോൾ, ഒരു നിസ്സാര ബാഹ്യരൂപരേഖയുള്ള ഒരു ചോക്ക് ബോർഡ് അവതരണം നടത്തുകയുണ്ടായി: (1) അഭക്തരായ ഒരു സദസ്സ്, (2) ഭയരഹിതനായ ഒരു ഉപദേഷ്ടാവ്, (3) അന്വേഷിക്കുന്ന ഒരു പ്രസംഗം, (4) നിരാശപ്പെടു ത്തുന്ന ഫലങ്ങൾ. “സദസ്യരെ” ക്കുറിച്ചു ഞാൻ പറഞ്ഞുകൊണ്ട്, ഫേലി ക്സിനേയും ദ്രുസില്ലയേയും ബോർഡിൽ വരച്ചു. “ഉപദേഷ്ടാവ്” എന്നു പറഞ്ഞപ്പോൾ, ബന്ധിക്കപ്പെട്ട പൗലൊസിനെ വരച്ചു. “പ്രസംഗം” എന്ന തിലേക്കു വന്നപ്പോൾ, ഞാൻ പൗലൊസിന്റെ മൂന്നു പോയിന്റുകൾ എഴു

തി. അവസാനം, ഞാൻ “ഫലങ്ങൾ” ഉയർത്തിക്കാണിക്കുവാൻ എഴുതി യത് “ഭയപ്പെട്ടു, എന്നാൽ കാത്തിരുന്നു” എന്നാണ് (അല്ലെങ്കിൽ “ഭയപര വശനായി, എന്നാൽ ‘ഒരു അവസരം കിട്ടുന്നതിനായി കാത്തിരുന്നു’”; കെജെവി).



പ്രസംഗം:
നീതി
ഇന്ദ്രിയ – ജയം
വരുവാനുള്ള ന്യായവിധി

“ഭയപരവശനായി,
എന്നാൽ കാത്തിരുന്നു”

---

**പ്രസംഗ കുറിപ്പുകൾ**

---

“പ്രവൃത്തികൾ, 1–൦൦” ലക്കത്തിൽ ഉള്ള സുവിശേഷ പ്രസംഗം അതിന്റെ പൂർണ്ണതയോടും കൂടെ തുടങ്ങാം എന്നതിൽ പ്രവൃത്തികളുടെ പുസ്തകത്തിലെ പരിവർത്തനങ്ങളെക്കുറിച്ചു പതിമൂന്നു പ്രസംഗങ്ങൾ ഉള്ള ഒരു പരമ്പരയുണ്ട്. ആ പാഠങ്ങളിൽ ഒന്നാണ്: പരിവർത്തനം ചെയ്യ പ്പെടാത്ത – ഫേലിക്സ്. പരിവർത്തന സംഭവങ്ങളെക്കുറിച്ചു നിങ്ങൾ പഠിച്ചത് ഒന്നാവർത്തിച്ചു നോക്കിയ ശേഷം: “മാനുഷിക സ്വഭാവം അങ്ങനെ തന്നെയാണ്, പരിവർത്തനം – *ചെയ്യപ്പെടാതെ* ചില സംഭവ ങ്ങൾ ഉണ്ടായില്ലെങ്കിലേ നമുക്ക് അതിശയിക്കാനുള്ളു – കാരണം എല്ലാ വരും ആ രീതിയിൽ പ്രതികരിക്കയില്ല. ഇന്നു പ്രത്യേകമായി പരി വർത്തനം – *ചെയ്യപ്പെടാത്ത* കാര്യത്തെ നമുക്കു പഠിക്കാം.” ഒരു വേറിട്ട പരമ്പരയായി ഈ പ്രസംഗത്തെ നിങ്ങൾ ഉപയോഗിക്കയാണെങ്കിൽ, ഈ പാഠത്തിലെ വാക്യങ്ങൾ എടുത്തുമാറ്റി പൗലൊസിന്റെ വിചാരണയുമായി ഒരു സമാനത വരക്കുക. നിങ്ങൾ ഉപയോഗിക്കുന്ന തർജ്ജിമ അനുസ രിച്ച് ഒരു പക്ഷെ പ്രസംഗ വിഷയവും മാറ്റാം.

വില്ല്യം സ്മിറ്റി ഈ ആശയം ഒരു പ്രസംഗമായി പറഞ്ഞു “ഫേലിക്സ്, പാപികളുടെ ഒരു മാതൃക”: (1) *ചില* പാപികളെ പോലെ, ഫേലിക്സ്, സത്യത്തിന്റെ “കൂടുതൽ തികവുള്ള അറിവുണ്ടായിരുന്നു.” (2) ഫേലിക്സ്, *എല്ലാ* പാപികളേയും പോലെ, തീരുമാനം എടുക്കേണ്ട പങ്കിൽ എത്തി. (3) *അനേകം* പാപികളെപോലെ, ഫേലിക്സ്, ദൈവത്തിന്റെ സന്ദേശത്തിൽ നിന്നും, സന്ദേശ വാഹകനിൽ നിന്നും അകന്നുപോയി. (4) ഫേലിക്സ്, *വൻ* പാപികളെപോലെ, ഒരിക്കലും സുവിശേഷം വിശ്വസിക്കുന്നതനുസരിക്കാനും “അവസരം ഉള്ളതായി” കാണപ്പെടുന്നില്ല (വില്ല്യം എച്ച് സ്മിറ്റി, *300 സെർമൺ ഔട്ട്ലൈൻസ്, ഫ്രം ദ ന്യൂ ടെസ്റ്റ്മെന്റ്* [നാഷ്‌വില്ലെ, ടെന്നസ്സി.: ബ്രോഡ്മാൻ പ്രെസ്, 1983], 46.)

## കുറിപ്പുകൾ

[1]പ്രത്യേക സദസ്സിനുവേണ്ടി ഈ ഉദാഹരണം വ്യക്തിപരമാക്കുക. ജീവിതത്തിലെ സാധാരണ പ്രവൃത്തികൾ ആളുകൾ നീട്ടിവെക്കുന്നതു ഏതെല്ലാമാണ്? [2]പോൾ വേജേഴ്സിന്റെ, "അഥേനയിലെ മൂന്നു പ്രതികരണങ്ങൾ" എന്ന, *ദ പ്രീച്ചേഴ്സ് പീരിയോഡിക്കൽ* (മെയ് 1985), 5:20-ൽ നിന്നു ഉദ്ധരിച്ചത്. [3]"എത്തി" എന്ന വാക്ക് അർത്ഥമാക്കുന്നത് അവർ താമസിച്ചിരുന്ന കൈസര്യയിൽ നിന്നു പൗലൊസിനെ തടവിലാക്കിയ സ്ഥലത്തേക്കു വന്നു എന്നർത്ഥം; ദേശാധിപതി സാധാരണ ആസ്ഥാനത്താണ് താമസിച്ചിരുന്നത്, അവിടെയാണ് പൗലൊസിനെ സൂക്ഷിച്ചിരുന്നതും, "എത്തി" എന്നത് സ്വാഭാവികമായി അവർ ടൗണിനു പുറത്തു പോയി തിരിച്ച് എത്തി എന്നാണർത്ഥം. [4]"ഫേലിക്സ്" എന്നതിന്റെ അർത്ഥം "ഭാഗ്യവാൻ" എന്നാണ്. അടിമത്വത്തിൽ നിന്നു സ്വതന്ത്രമായപ്പോൾ അവൻ സ്വീകരിച്ച പേരായിരിക്കാം. എങ്ങനെയായാലും, നമ്മുടെ "ഭാഗ്യവാൻ" അവൻ ഭാഗ്യമുള്ളവനായി, കാണപ്പെടുന്നില്ല. [5]ഉദ്ധരിച്ചത് ജെഡബ്ലിയു മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 2 (ഡിലൈറ്റ് ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി, എൻ. ഡി), 239. [6]ജികാംബെൽ മോർഗൻ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്ളെമിങ്ങ് എച്ച്. റെവെൽ, 1988 ഇഡി.), 388. [7]"പ്രവൃത്തികൾ, 3-൧൦" ലക്കത്തിലെ "താൻ ദൈവം എന്നു വിചാരിച്ച മനുഷ്യൻ" എന്ന പാഠത്തിലെ "ഹെരോദാവിന്റെ ഭവനം" എന്ന ചാർട്ടും ദ്രുസില്ല എന്നു പറഞ്ഞിരിക്കുന്നതും നോക്കുക. [8]മരിയാമ്നേ മഹാനായിരുന്ന ഹെരോദാവിന്റെ ഭാര്യമാരിൽ ഒരാളും അരിസ്തൊ ബുലോസിന്റെ അമ്മയും ആയിരുന്നു, ആ വംശത്തിൽ നിന്നാണ് ദ്രുസില്ല വന്നതു. "പ്രവൃത്തികൾ, 3-൧൦" ലക്കത്തിലെ "താൻ ദൈവം എന്നു വിചാരിച്ച മനുഷ്യൻ" എന്ന പാഠവും അതേ പുസ്തകത്തിലെ മരിയാമ്നേയും അവളുടെ സന്തതിയും "ഹെരോദാവിന്റെ ഭവനം" എന്നതും നോക്കുക. [9]ക്ലോവിസ് ജി. ചാപ്പെൽ, *വാല്യൂസ് ദാറ്റ് ലാസ്റ്റ്* (ന്യൂയോർക്ക്: അബിങ്ങ്ഡൺ പ്രെസ്, 1939), 10. [10]ഫേലിക്സിന്റെ എല്ലാ വിവാഹങ്ങളും സാമൂഹ്യ - നേട്ടങ്ങൾ കവിയുന്നവയായിരുന്നു; മൂന്നു ഭാര്യമാരും രാജകീയമായി ജനിച്ചവരായിരുന്നു. ഒരാൾ ആന്റണിയുടേയും ക്ലിയോ പാട്രയുടേയും പേരക്കുട്ടിയായിരുന്നു.

[11]പാപം പെട്ടെന്ന് മടുക്കും. പുരാതന ബിലോണിയയിലെ ഒരു ദുർന്നടപ്പുകാരി ഇന്നത്തെ അഭക്ത ലോകത്തിലേക്ക് ഉയിർത്തെഴുന്നേറ്റു വന്നാൽ, അവൾ വായ്ക്കോട്ട ഇട്ടുകൊണ്ടു പറയും, "ഇതെല്ലാം ഞാൻ മുമ്പ് കണ്ടിട്ടുള്ളതാണ്." [12]സി.സി. ക്രാഫോർഡ്, *സെർമൺ ഔട്ട്ലൈൻസ് ഓൺ ആക്സ്*, റെവ. ഇഡി. (മർഫ്രീസ്ബോറോ, ടെന്നസ്സി: ഡെഹോഫ് പബ്ലിക്കേഷൻസ്, 1956), 230. [13]ഫേലിക്സും ദ്രുസില്ലയും എത്രത്തോളം അഴിമതിയില്ലായിരുന്നുവോ, അത്രത്തോളം അവർ രക്ഷിക്കപ്പെടുവാൻ ദൈവം ആഗ്രഹിച്ചിരുന്നു (2 പത്രൊസ് 3:9). അവർ "പ്രയാസമുള്ളവരായിരുന്നു," എന്നാൽ ക്രിസ്തുവിന്റെ പരിജ്ഞാനം ലഭിച്ചവരേക്കാൾ കാഠിന്യമുള്ളവരല്ല (മന്ത്രവാദിയായിരുന്ന ശിമോൻ, കാരാഗൃഹപ്രമാണി, ശൗൽ തന്നെയും, മുതലായവർ). [14]എടുത്തത് ലോയിഡ് ജെ. ഒജിൽവി, *ദ കമ്യൂണിക്കേറ്റേസ് കമെന്ററി*, വാല്യം 5, *ആക്സ്* (ഡല്ലാസ്: വേഡ് പബ്ലിഷിങ്, 1983), 310. [15]പൗലൊസിനു ഇഷ്ടപ്പെട്ട വാക്കുകളിൽ ഒന്നായിരുന്നു "നീതി"; അവൻ ഇതു തന്റെ ലേഖനത്തിൽ അമ്പത്തി - ആറു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. [16]ഉദ്ധരിച്ചിരിക്കുന്നത് വാരെൻ ഡബ്ലിയു വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ് പൊസിഷൻ കമെന്ററി*, വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 501. [17]സദസ്യരിൽ നഷ്ടപ്പെട്ടവർക്കായി ഇതു വിപുലീകരിക്കേണ്ടതാണ്. [18]1 കൊരിന്ത്യർ 9:25 ഉം തിത്തൊസ് 1:8 ഉം നോക്കുക. [19]"ഇന്ദ്രിയ - ജയം" ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ സംയുക്ത വാക്കിന്റെ അക്ഷരിക അർത്ഥം "ഔട്ട് ഓഫ് [ഓർ ഫ്രം] സ്ട്രെങ്ങ്ത്ത്" എന്നാണ്. [20]"ഇന്ദ്രിയ - ജയത്തിനു" പകരം, കെ.ജെ.വിയിൽ "ആത്മനിയന്ത്രണം" എന്നാണ്, ഇന്ന് അതിന്റെ ആശയം തെറ്റായതിൽ നിന്നുള്ള മുക്തി.

[21]സൈമൺ ജെ. കിസ്റ്റെമേക്കർ, *ന്യൂ ടെസ്റ്റമെന്റ് കമെന്ററി എക്സ്പൊസിഷൻ*

*ഓഫ് ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1990), 852. (എംഫസിസ് മൈൻ.) [22]ഈ ഖണ്ഡിക പൗലൊസ് ചെയ്തതുപോലെ പ്രത്യേകമായും പ്രായോഗികമായും ആക്കാൻ ശ്രമിച്ചിരിക്കുന്നു. ഈ ഭാഗം ആവശ്യമെങ്കിൽ ലോകത്തിന്റെ പല ഭാഗത്തും എടുക്കാം. [23]"മരണത്തോട് - അടുത്ത അനുഭവങ്ങൾ" പരക്കെ ഇന്നു പ്രചാരത്തിലിരിക്കുന്നതു (മിക്കവരും അല്ലെങ്കിൽ, അനേകർ, കരുതുന്നതു) മരണശേഷം എല്ലാവർക്കും സന്തോഷകരമായ, ഉന്മാദപ്രദമായ അവസ്ഥയുണ്ടാകും എന്നാണ് എന്നാൽ ബൈബിൾ മറിച്ചാണ് പറയുന്നതു (മത്തായി 7:13, 14). [24]മറ്റു വേദഭാഗങ്ങൾ ഉപയോഗിക്കാവുന്നതിൽ 2 തെസ്സലൊനിക്യർ 1:1-9; 1 പത്രൊസ് 4:17-19; 2 പത്രൊസ് 2:9-14; 3:3-10. [25]ഭരണാധികാരിയിൽ നിന്നു, ഉദാസീനതയും, അപമാനവും, അല്ലെങ്കിൽ കോപവും ഉണ്ടായേക്കാം. [26]ചാപ്പെൽ, 18. [27]"ലോകത്തിന്റെ ദു:ഖത്തിന്" ഉദാഹരണമായി ഫേലിക്സിനെ ഉപയോഗിച്ചിട്ടുണ്ട് (2 കൊരിന്ത്യർ 7:10). [28]വാസ്തവത്തിൽ പ്രാധാന്യമുള്ളവയ്ക്ക് നാം "സമയം *കണ്ടെത്തുന്നത്*" വളരെ വിരളമാണ്; മറ്റു, കാര്യങ്ങൾക്കു നാം "സമയം *ഉണ്ടാക്കും.*" [29]ഈ പ്രതികരണത്തെ 17:32-ലെ അഥേനക്കാരുടെ പ്രതികരണവുമായി താരതമ്യം ചെയ്യുക. [30]മോർഗൻ, 388.

[31]നീട്ടി വെക്കുന്നതിനു ഫേലിക്സിനേയും പ്രാദേശികമായി ഉപയോഗിക്കുന്ന ഒഴികഴിവുകളുമായി താരതമ്യം ചെയ്യുക. [32]ദ്രുസില്ല വീണ്ടും പൗലൊസിന്റെ പ്രസംഗം കേൾക്കാൻ താല്പര്യം പ്രകടിപ്പിച്ചതായി ഒരു സൂചനയും നാം കാണുന്നില്ല. [33]ഒജിൽവി, 328. [34]"അവസരത്തിന്റെ ജനൽ" സൂചിപ്പിക്കുന്നത് ചില ലക്ഷ്യത്തിലെ ചുരുങ്ങിയ സന്ദർഭം അല്ലെങ്കിൽ വിചാരിച്ചതു കൈവരിക്കുവാൻ ഒരിക്കൽ അതിന്റെ സമയം കഴിഞ്ഞാൽ, അവസരം പോയി എന്നർത്ഥം. [35]നീട്ടിവെക്കലിന്റെ അപകടം ഊന്നിപ്പറയാം: (1) മറ്റൊരവസരം കിട്ടുന്നതിനു മുൻപു അയാൾ മരിച്ചേക്കാം; (2) കർത്താവു വന്നേക്കാം; (3) ഹൃദയം കഠിനപ്പെട്ടേക്കാം. സുവിശേഷ ക്ഷണം നിരസിക്കുന്ന ഓരോ സമയത്തും, അയാളുടെ ഹൃദയം ചെറുതായി കഠിനപ്പെട്ടുകൊണ്ടിരിക്കും. [36]പുസ്തകത്തിൽ "അതേ സമയത്തും, തനിക്കു ദ്രവ്യം തരുമെന്നു അവൻ ആശിച്ചിരുന്നു എന്നു പറഞ്ഞിരിക്കുന്നു." "അതേ സമയത്തും" എന്നു ഞാൻ സൂചിപ്പിച്ചതിന്റെ കാരണം ആദ്യം ഫേലിക്സിനു താല്പര്യങ്ങളിൽ ഒരു എതിരിടൽ ഉണ്ടായി. മറിച്ച്, എങ്ങനെയായാലും, ഫേലിക്സിന്റെ സുവിശേഷ താല്പര്യത്തെ നിർവീര്യമാക്കാൻ അത്യാഗ്രഹത്തിനു അധികം സമയം വേണ്ടി വന്നില്ല. [37]ഈ പുസ്തകത്തിലെ "പൗലൊസ് വിചാരണയിൽ" എന്ന പാഠത്തിലെ പ്രവൃത്തികൾ 24:17 ന്റെ നോട്ടുകൾ നോക്കുക. [38]രാജകീയ ഭാര്യയുള്ള ഒരു ഭരണാധികാരിയായിരുന്നു ഫേലിക്സ്, അവന്റെ സഹോദരൻ റോമയിലെ ഏറ്റവും വലിയ ധനികൻ ആയിരുന്നു; ഒതുക്കമുള്ള കൈക്കൂലി അവനെ തൃപ്തിപ്പെടുത്തിയിരുന്നില്ല. [39]പുറപ്പാട് 23:8; ആവർത്തന പുസ്തകം 16:19; 2 ദിനവൃത്താന്തം 19:7; സങ്കീർത്തനങ്ങൾ 15:5, 27 നോക്കുക. [40]അനേക സ്ഥലങ്ങളിൽ കൈക്കൂലി ഒരു ജീവിതമാർഗ്ഗമാണ്- മിക്കവാറും ഓരോ പ്രവൃത്തിക്കും അല്ലെങ്കിൽ ഓരോ വാങ്ങലിനും ഉള്ള "അധിക നികുതി" ദിവസന്തോറും കൈക്കൂലി വാങ്ങുന്നതു ബൈബിൾ ഉപദേശവുമായി നോക്കുമ്പോൾ അനേകർ പോരാട്ടത്തിലാണ്, എനിക്ക് അതുമായി ഒരു ബന്ധവുമില്ല. ഈ പോരാട്ടങ്ങളെ എങ്ങനെ അതിജീവിക്കണം എന്നറിയില്ല; ഈ ഭാരത്തോടെ ജീവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കാനേ എനിക്കു കഴിയു.

[41]സ്പഷ്ടമായി, രണ്ടാമത്തെ വിചാരണ ഫേലിക്സ് വാഗ്ദാനം ചെയ്തെങ്കിലും (24:22) ഒരിക്കലും നടന്നില്ല. [42]ഈ പുസ്തകത്തിലെ "ആവർത്തനം - അല്ലെങ്കിൽ ഓർമ്മിപ്പിക്കൽ" എന്ന പാഠത്തിലെ വിവരം നോക്കുക പൊർക്ക്യൊസ് ഫെസ്തൊസിനെക്കുറിച്ച് ചെറിയ വിവരം അറിയുവാൻ കഴിയും. [43]നിയമപരമായി ഫേലിക്സിനു ചെയ്യാവുന്നതു പൗലൊസിനെ മോചിപ്പിക്കുകയായിരുന്നു, എങ്കിലും ഒരിക്കൽ കൂടെ ഒന്നും ചെയ്തിരിക്കുന്നതാണ് അവന് തിരഞ്ഞെടുത്തത് - അവസാനം വരെ തുടർന്നു. ആത്മിയമായി, തടവിലാക്കപ്പെട്ട ഒരുവനെപ്പോലെയാണ് പോയത്, എന്നാൽ പൗലൊസ് ക്രിസ്തുവിൽ സ്വതന്ത്രനായിരുന്നു. "ദ്രുസില്ലക്കുവേണ്ടി," "തടവിലാക്കിയ ശേഷം" എന്നാണ്

ഒരു പുസ്തകത്തിൽ ചേർത്തിരിക്കുന്നത്. ഒരു പക്ഷേ ദ്രുസില്ല അവളുടെ അമ്മായിയുടെ കാൽപ്പാടുകളെ പിൻപറ്റി, തനിക്കെതിരെ കുറ്റം വിധിച്ചവനോടുള്ള പകവീട്ടിയതാകാം (മർക്കൊസ് 6:19). [44]പ്രവൃത്തികളുടെ പുസ്തകത്തിലെ കാലനിർണ്ണയത്തിനുള്ള മുഖ്യവാക്യമായി വാക്യം 27 എടുക്കാം: പൗലൊസ് യെരുശലേമിൽ തടവിലാക്കപ്പെട്ടതു എ.ഡി. 57-ൽ രണ്ടു വർഷം ആയിരുന്നു; ഫെസ്തൊസ് ദേശാധിപതി ആയി വന്ന ഉടനെ അവൻ റോമയിലേക്ക് പോവുകയും (എ.ഡി. 60?) അവിടെ അവൻ രണ്ടു വർഷം ചെലവിടുകയും ചെയ്തു (28:30), അതുകൊണ്ട് എ.ഡി 62-ൽ പുസ്തകം അടക്കുന്നു. [45]വില്ല്യം ബാർക്ക്ലേ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ഡെയിലി ബൈബിൾ സ്റ്റഡി സീരീസ്, റെവ. ഇഡി. (ഫിലാദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 171. [46]ഇബിഡ്. [47]ജോൺ വൈറ്റർ, *മൗഡ് മുള്ളർ,* 53. [48]ജോൺ ബാർട്ട്ലെറ്റ്, *ദ ഷോർട്ടർ ബാർട്ട്ലെറ്റ്സ് ഫെമിലിയർ ക്വട്ടേഷൻസ്,* ഇഡി. ക്രിസ്റ്റഫർ മോർലേ (ന്യൂയോർക്ക്: പേർമാബുക്സ്, 1953), 438. [49]ജെഫ് ടെയ്ലർ, 1996 ഫെബ്രുവരി 11 നു അർക്കെൻസാസിലെ, ജഡ് സോണിയയിലെ ജഡ് സോണിവ, ചർച്ച് ഓഫ് ക്രൈസ്റ്റിൽ, പ്രസംഗിച്ച പ്രസംഗം. [50]കൂടാതെ ലൂക്കൊസ് 12:19-21; യാക്കൊബ് 4:13, 14 നോക്കുക.